മിസ്റ്റർ സി. ജെ. മാത്യു:

		In-door	*Out-door*
(എ)	൧൧൧൭	൧൭൩	൨൪, ൪൭൩
	൧൧൧൭	൨൩൨	൨൭, ൨൩൧
	൧൧൧൩	൩൨൩	൨൩, ൩൧൩
	൧൧൨൦	൪൮൮	൨൭, ൩൪൪

(൧൧൨൦ കർക്കടകം ൩൦-ാംതീ- വരെ).

(ബി) അയ്യമ്പിള്ളിയിൽനിന്നു ഞാറക്കലേക്കു് ൪ നാഴിക, കൊടുങ്ങല്ലൂക്കു് ൩ നാഴിക, എറണാകുളത്തേക്കു് ൧൪ നാഴിക.

(സി) ഇല്ല.

(ഡി) ൪ (നാലു്).

മിസ്റ്റർ എം. കെ. വറുഗീസ്: ഈ ഡിസ്പെൻസറിയിൽ കൂടുതൽ ബെഡ്ഡുകൾ വേണമെന്നാവശ്യപ്പെട്ടാൽ കൊടുക്കാമോ?

മിസ്റ്റർ സി. ജെ. മാത്യു: ഗവർമെണ്ടിലേക്കു് ഡിസ്പെൻസറിയിൽ നിന്നു് റിപ്പോർട്ട് ചെയ്തിട്ടുണ്ടു്. അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ എം. കെ. വറുഗീസ്: വരുന്ന കൊല്ലത്തിൽതന്നെ കൊടുക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സി. ജെ. മാത്യു: നോക്കാം.

മിസ്റ്റർ മുഹമ്മദ് അഷ്റഫ്: ആ റിപ്പോർട്ടു് അയച്ചതു് എന്നാണു്?

മിസ്റ്റർ സി. ജെ. മാത്യു: ഈ കൊല്ലത്തിലാണു്.

മിസ്റ്റർ പി. കെ. ഡീവർ: ആശുപത്രികളെ അഭയം പ്രാപിക്കുന്ന രോഗികളെ കിടത്തി കൊണ്ടുവരുവാൻ ആമ്പുലൻസു് ഏർപ്പാടു ചെയ്തിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ചെയ്യുന്നുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: എപ്പോഴെങ്കിലും ഈ ഏർപ്പാടു ചെയ്തു കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: പലപ്പോഴും ചെയ്തു കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ഈ ഏർപ്പാടു തുടങ്ങിട്ടു് എത്ര കാലമായി?

മിസ്റ്റർ സി. ജെ. മാത്യു: കുറെക്കാലമായി.

മിസ്റ്റർ എം. ഐ. പോൾ: ഇപ്പോൾതന്നെ ബഡ്ഡറിൽ വലിയൊരു തുക ബാക്കിയുണ്ടു്. അതു് ഉപയോഗിച്ചു് ഈ ആവശ്യം നടത്തിക്കൊടുത്തുകൂടേ?

മിസ്റ്റർ സി. ജെ. മാത്യു: അതു് ഇപ്പോൾ പറയുവാൻ സാധിക്കുകയില്ല. അതിനെപ്പറ്റി ആലോചിക്കാം.

COPYIST—CIVIL COURT

137. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടുസേടയം മറുപടി പറയുമോ.—

(എ) സിവിൽ കോടതികളിൽ ഇപ്പോൾ ആകെ എത്ര പകർപ്പുദ്യോഗസ്ഥന്മാരുണ്ടു്;

(ബി) അവർ ഓരോരുത്തരും എന്നാണു നിയമിതരായതു്, ഓരോരുത്തരുടേയും പരീക്ഷയോഗ്യത, ഇതുകൾ എന്തെല്ലാം;

(സി) അവർ ഓരോരുത്തരുടേയും പ്രതിമാസശമ്പളമെന്തു,

(ഡി) ക്രിമിനൽ കോടതികളിൽ ആകെ എത്ര പകർപ്പുദ്യോഗസ്ഥന്മാരുണ്ടു്;

(ഇ) അവർ ഓരോരുത്തരും എന്നാണു് നിയമിതരായതു്, ഓരോരുത്തരുടേയും പരീക്ഷായോഗ്യതകൾ എന്തെല്ലാം;

(എഫു്) അവർ ഓരോരുത്തരുടേയും പ്രതിമാസശമ്പളം എത്തു്?

മിസ്റ്റർ കെ. എസ്സു്. രാഘവൻ:

(എ) നാല പേരുണ്ടു്.

(ബി) വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.

(സി) അവർ ഓരോരുത്തരുടേയും പ്രതിമാസശമ്പളം ൨൦ രൂ. ആകുന്നു.

(ഡി) നാല പേരുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിവരങ്ങൾ അടങ്ങിയ പട്ടിക മേശപ്പുറത്തുവെച്ചിരിക്കുന്നു.

(എഫ്) അവർ ഓരോരുത്തരുടേയും പ്രതിമാസശമ്പളം ഫ 0 ക. ആകുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇവരിൽ സ്കൂൾ ഫൈനൽ പാസായവർ എത്രയുണ്ട്?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: കോപ്പിസ്റ്റുമാർ എല്ലാവരും സ്കൂൾഫൈനൽ പാസ്സായവരാണ്.

PATTAS—MALAYATTUR—LANDS ASSIGNED

138. Mr. M. I. Paul *(Narakkal):* Will Government be pleased to state whether the Government are aware that pattas have not been issued to some people of Malayattur for the lands assigned to them as piecemeal, that is, 12 cents or so from the local colony, if so, why?

Mr. A. Madhava Prabhu *(Diwan Peishkar):* Yes. Pending realisation of the land value due and pending enquiry regarding cases of alienation pattas have not been issued.

Mr. M. I. Paul *(Narakkal):* If all the conditions are allowed will the Government be pleased to issue pattas as early as possible?

Mr. A. Madhava Prabhu *(Diwan Peishkar):* Yes, if all the conditions are satisfied.

PORAMBOKE LANDS—LEASING OF—FOOD PRODUCTION SCHEME

139. മിസ്റ്റർ കെ. കെ. കണ്ണൻ: ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും താഴെ പറയുന്ന ചോദ്യങ്ങൾക്കു സദയം മറുപടി പറയുമോ—

(എ) ഭക്ഷ്യാൽപാദനപരിപാടിയനുസരിച്ചു ഗവൺമെണ്ടുവക പുറമ്പോക്കുഭൂമികൾ ആകെ എത്രപേക്കാണു പാട്ടത്തിനേല്പിച്ചുകൊടുത്തിട്ടുള്ളതു;

(ബി) ആകെ എത്ര ഏക്കർ ഭൂമിയാണു മേല്പറഞ്ഞ പദ്ധതിയനുസരിച്ചു ഗവൺമെണ്ടിൽനിന്നും പാട്ടത്തിനു കൊടുത്തിട്ടുള്ളതു;

(സി) ഈ പദ്ധതിപ്രകാരം ഭൂമികൾ പാട്ടത്തിനു ഏല്പിക്കപ്പെട്ടിട്ടുള്ളവർ അധഃകൃതരിൽ എത്രപേരുണ്ടു; അവരുടെ കൈവശമുള്ള ഭൂമി എത്ര ഏക്കർ ഉണ്ടു;

(ഡി) ഭൂമി പാട്ടത്തിനു കിട്ടുവാനായി അധഃകൃതരിൽനിന്നുണ്ടായിരുന്ന അപേക്ഷകന്മാർ എത്ര;

(ഇ) പ്രസ്തുത പദ്ധതിയുടെ കാലാവധി എന്നാണു അവസാനിക്കുന്നതു?

മിസ്റ്റർ എ. മാധവപ്രഭു: (എ) ന, ഫ ൭ ൭ ആളുകൾക്കു.

(ബി) വ, ഠ ൽന. ൪ ൪ ഫ/വ ഏക്കർ.

(സി) ജാതിയും സമുദായവും കാണിക്കുന്ന ലിസ്റ്റു് വച്ചിട്ടില്ലാത്തതിനാൽ ഇതിനു ഉത്തരം പറയുവാൻ നിവൃത്തിയില്ല.

(ഡി) അപേക്ഷകന്മാരുടെ ജാതിതിരിച്ചിട്ടുള്ള ലിസ്റ്റു് വച്ചിട്ടില്ലാത്തതിനാൽ മറുപടി പറയുവാൻ സാദ്ധ്യമല്ല.

(ഇ) ഫ ഫ വ ഫ-ലെ കൃഷിക്കാലം അവസാനിക്കുന്നതുവരെ.

മസ്റ്റർ കെ. കെ. കണ്ണൻ: ലിസ്റ്റു വെക്കുവാനുള്ള ബുദ്ധിമുട്ടു് എന്താണെന്നു പറയാമോ?

മിസ്റ്റർ എ മാധവപ്രഭു: വളരെ ബുദ്ധിമുട്ടുള്ളതാണു്.

മിസ്റ്റർ കെ. ടി. അച്യുതൻ: വല്ല പുറംപോക്കു ഭൂമിയും അവരിൽനിന്നു് ഒഴിപ്പിച്ചെടുക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ എ. മാധവപ്രഭു: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. ടി. അച്യുതൻ: പുറംപോക്കു ഭൂമികൾ പാട്ടത്തിനു കിട്ടുവാനായി ഉദ്ദേശം എത്ര അപേക്ഷകൾ കിട്ടീട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ എ. മാധവപ്രഭു: അറിവില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഇങ്ങിനെ പാട്ടത്തിനേൽപ്പിച്ചിട്ടുള്ള ഭൂമികളിൽനിന്നു കുടിയാന്മാരെ ഒഴിപ്പിക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ എ. മാധവപ്രഭു: ഫ ഫവ ഫ കൃഷിക്കാലം അവസാനിക്കുന്നതുവരെ ഒഴിപ്പിക്കുവാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly